"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ ബ്ലോക്ക് നം. 14 റീസർവ്വേ നം.439/1ൽപ്പെട്ട ഭൂമിയിൽ നിന്നും 81 ആർ ഭൂമി സാമൂഹ്യ നീതി വകുപ്പിന് ഉപയോഗാനുമതി നൽകിയ ഉത്തരവ് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.154/2025/RD തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:- 1. സ.ഉ.(കൈ)നം.216/2023/RD തീയ്യതി 25/09/2023.

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 05/05/2025-ലെ LR/8088/2023-LR(K2) നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ ബ്ലോക്ക് നം. 14 റീസർവ്വേ നം.439/1ൽപ്പെട്ട ഭൂമിയിൽ നിന്നും 81ആർ ഭൂമി ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി പുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിന്, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പരാമർശം 1 പ്രകാരം സാമൂഹ്യ നീതി വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവായിരുന്നു.

2. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതി വകുപ്പിന് ഭൂമി കൈമാറുന്നതിനുള്ള സർവ്വേ നടപടി ആരംഭിച്ച സമയം ടി ഭൂമിയോട് ചേർന്ന് റീസർവ്വേ 439/2-ൽ സ്ഥലം അനുവദിച്ചിരുന്ന വെയിലൂർ ഗവ. സ്കൂൾ അധികൃതർ വശ അളവുകൾ മനസിലാക്കാതെ സ്കൂളിന് അനുവദിച്ച സ്ഥലത്തിനേക്കാൾ ഇരട്ടി വിസ്തീർണ്ണം കൈവശപ്പെടുത്തിയതായി കണ്ടെത്തിയിട്ടുള്ളതും തുടർന്ന് സ്കൂൾ കൈയേറി മതിൽ കെട്ടി ഗ്രൗണ്ടായി ഉപയോഗിക്കുന്ന സ്ഥലം ഒഴിപ്പിക്കുന്നതിന് കേരള ലാൻഡ് കൺസർവ്വൻസി ആക്ട് പ്രകാരം നടപടി സ്വീകരിച്ചു വരികയുമാണ് എന്ന് പരാമർശം 2 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു. കൂടാതെ, സാമൂഹ്യ നീതി വകുപ്പിന് ഉത്തരവായിരുന്ന സ്ഥലത്തിന്റെ ഭാഗം നിലവിൽ വെയിലൂർ സ്കൂൾ അധികൃതർ മതിൽ കെട്ടി കൈവശപ്പെടുത്തി ഗ്രൗണ്ട് ആയി ഉപയോഗിച്ച് വരുന്നതിനാൽ അതിനോട് ചേർന്ന് ഗ്രൗണ്ട് ഒഴിച്ചുള്ള ഭാഗം മതിയെന്ന് സാമൂഹ്യനീതി വകുപ്പ് പ്രതിനിധികൾ അറിയിക്കുകയും അത് പ്രകാരം ഭിന്നശേഷി പുനരധിവാസ ഗ്രാമത്തിന് ഭൂമി അനുവദിക്കുന്നതിനുള്ള അടിയന്തിര പ്രാധാന്യം പരിഗണിച്ച് 25.09.2023 തീയതിയിലെ സ.ഉ (കൈ) നം.216/2023/റവ നമ്പർ ഉത്തരവിൽ ഭേദഗതി വരുത്തി ടി ഭൂമിയോട് ചേർന്നുള്ള റീസർവ്വേ 439/5-ൽപ്പെട്ട 80.86 ആർ ഭൂമി സാമൂഹ്യനീതി വകുപ്പിന് അനുവദിക്കാവുന്നതാണെന്നും കൈയ്യേറ്റം ഒഴിപ്പിക്കുന്ന മുറയ്ക്ക് സർക്കാരിന്റെ മറ്റ് പദ്ധതികൾക്ക് വെയിലൂർ സ്കൂൾ അനധികൃതമായി കൈവശം വെച്ചിരിക്കുന്ന ഭൂമി വിനിയോഗിക്കാവുന്നതുമാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ പറയുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും ഭിന്നശേഷി പുനരധിവാസ ഗ്രാമത്തിന് ഭൂമി അനുവദിക്കുന്നതിനുള്ള അടിയന്തിര പ്രാധാന്യം പരിഗണിച്ചും, ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ ബ്ലോക്ക് 14-ൽ റീസർവ്വേ 439/1ൽപ്പെട്ട 06.48 ഹെക്ടർ ഭൂമിയിൽ നിന്നും 81 ആർ ഭൂമി സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം സാമൂഹ്യനീതി വകുപ്പിന് ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി ഉപയോഗാനുമതി നൽകി പുറപ്പെടുവിച്ച പരാമർശം 1 ഉത്തരവിൽ, ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ ബ്ലോക്ക് 14-ൽ റീസർവ്വേ 439/1ൽപ്പെട്ട 06.48 ഹെക്ടർ ഭൂമിയിൽ നിന്നും 81 ആർ ഭൂമി എന്നതിനുപകരം ചിറയിൻകീഴ് താലൂക്കിൽ അഴൂർ വില്ലേജിൽ ബ്ലോക്ക് 14-ൽ റീസർവ്വേ 439/5-ൽപ്പെട്ട 80.88 ആർ ഭൂമി എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത ഭേദഗതിയോടെ മേൽ ഉത്തരവ് നിലനിൽക്കുന്നതാണ്.

5. ഇക്കാര്യത്തിൽ നിയമപരമായ തുടർനടപടികൾ തിരുവനന്തപുരം ജില്ല കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((എ&ഇ)/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
Date: 03-06-2025 16:52:08
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്